ബി2–10471/98

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കൊല്ലം
തീയതി – 15.10.2020

ഇ–മെയിൽ – ddpklm@gmail.com
ഫോൺ നമ്പർ – 0474–2794961

കൊല്ലം ഡിസ്ട്രിക്റ്റ് പഞ്ചായത്ത് ആഫീസറുടെ ഉടമസ്ഥതയിലും, കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധീനതയിലുള്ള രജിസ്ട്രേഷൻ നമ്പർ കെ.എൽ.2സി–5732 നമ്പർ റോഡ് റോളർ പഞ്ചായത്ത് ഡയറക്ടറുടെ 16.09.2020–ലെ ജി2–68/2010 നമ്പർ ഉത്തരവ് പ്രകാരം ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലേലത്തോടൊപ്പം തന്നെ സീൽ വച്ച ക്വട്ടേഷൻ കൂടി സമർപ്പിക്കാവുന്നതാണ്. ലേലത്തിന് ശേഷം ലേലക്കാരുടെ/ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതും, ലേല തുകയോ, ക്വട്ടേഷൻ തുകയോ ഇവയിലേതാണോ കൂടുതൽ ആ തുകയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ക്വട്ടേഷൻകാരന്റെ/ലേലക്കാരന്റെ പേരിൽ വിൽപ്പന താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. നിലവിൽ റോഡ് റോളർ ചവറ, തട്ടാശ്ശേരി എന്ന സ്ഥലത്ത് നാഷണൽ ഹൈവേയ്ക്ക് സമീപം സൂക്ഷിച്ചിട്ടുള്ളതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ/ലേലത്തിൽ പങ്കെടുക്കുന്നവർ ടി റോഡ് റോളർ നേരിൽ കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. താഴെ പറയുന്ന സ്ഥലത്തും തീയതിയിലും ടി റോഡ് റോളർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ റോഡ് റോളറിന്റെ നിലവിലുള്ള അവസ്ഥയിൽ പരസ്യമായി ലേലം ചെയ്യുന്നതാണ്. ലഭിച്ചിട്ടുള്ള ക്വട്ടേഷനുകൾ ലേല നടപടിയ്ക്ക് ശേഷം പരിശോധിക്കുന്നതാണ്.

| ക്രമ നമ്പർ | വാഹനത്തിന്റെ വിവരം | ലേലം നടത്തുന്ന സ്ഥലം | ലേലം നടത്തുന്ന തീയതി, സമയം | ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി, സമയം. | ക്വട്ടേഷൻ തുറക്കുന്ന തീയതി, സമയം | നിരത ദ്രവ്യം |
|---|---|---|---|---|---|---|
| 1. | രജിസ്റ്റർ നമ്പർ കെ.എൽ.2 സി – 5732 JESSOP Road Roller (1995 Model) | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സിവിൽ സ്റ്റേഷൻ, കൊല്ലം | 28.10.2020 3 pm | 28.10.2020 2.30 pm | 28.10.2020 4 pm | 3000 രൂപ |

ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിലാണ് സമർപ്പിക്കേണ്ടത്. കവറിന്റെ മുകളിൽ റോഡ് റോളർ ലേലത്തിനുള്ള ക്വട്ടേഷനെന്നും, റോഡ് റോളറിന്റെ രജിസ്ട്രേഷൻ നമ്പരും രേഖപ്പെടുത്തി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. തുകയുടെ വിവരം അക്കത്തിലും അക്ഷരത്തിലും തിരുത്ത് കൂടാതെ വ്യക്തമായി എഴുതിയിരിക്കണം. നിരത ദ്രവ്യം പണമായി അല്ലെങ്കിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൊല്ലം സിവിൽ സ്റ്റേഷൻ ശാഖയിൽ നിന്നുള്ള ഡിമാന്റ് ഡ്രാഫ്റ്റായി ക്വാട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ലേല ദിവസം പൊതു അവധിയാകുന്ന പക്ഷം ലേല നടപടികൾ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സ്ഥലത്തും, സമയത്തും നടത്തുന്നതായിരിക്കും. ലേലം മാറ്റിവയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

## ലേല നിബന്ധനകൾ

1. റോഡ് റോളർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടെ പരിശോധിച്ച് ആയതിന്റെ നൽപ്പ്നിൽപ്പ് ബോധ്യപ്പെടേണ്ടതും, ക്വട്ടേഷൻ/ലേലത്തിന് ശേഷം അവ സംബന്ധിച്ച പരാതികൾ പരിഗണിക്കാത്തതുമാണ്.
2. ലേലത്തിൽ പങ്കെടുക്കുന്നവർ നിരത ദ്രവ്യം പണമായി ഈ ഓഫീസിൽ അടവാക്കേണ്ടതാണ്. നിരത ദ്രവ്യം ഒടുക്കിയവർക്കുമാത്രമെ ലേലത്തിൽ പങ്കെടുക്കാൻ അവകാശമുള്ളൂ.
3. ക്വട്ടേഷൻ സമർപ്പിക്കുന്നവരുടേയും, ലേലത്തിൽ പങ്കെടുക്കുന്നവരുടേയും നിയമാനുസൃത തിരിച്ചറിയൽ രേഖകളുടെ പകർപ്പും, ഒറിജിനലും ഹാജരാക്കേണ്ടതാണ്.
4. **ലേലത്തിൽ പങ്കെടുക്കുന്ന/ക്വട്ടേഷൻ സമർപ്പിക്കുന്നവർക്ക് നിർബന്ധമായും ജി.എസ്.റ്റി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതും ആയത് ഹാജരാക്കേണ്ടതുമാണ്.**
5. ക്വട്ടേഷൻ/ലേലത്തിൽ ഉയർന്ന സംഖ്യ രേഖപ്പെടുത്തുന്ന/വിളിക്കുന്ന ക്വട്ടേഷൻ/ലേലക്കാരൻ പകുതി തുക നിരത ദ്രവ്യം കഴിച്ചുള്ള സംഖ്യ ഉടൻ തന്നെ ഓഫീസിൽ ഒടുക്കേണ്ടതും, ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം ഈ ഓഫീസിൽ ഒടുക്കു വരുത്തേണ്ടതുമാണ്. ജി.എസ്.റ്റി ഇനത്തിലുള്ള തുകയും മറ്റ് നിയമാനുസൃത നികുതി ഫീസുകളും ലേലം കൊണ്ടയാൾ നേരിട്ട് ഒടുക്കി രസീത് ഹാജരാക്കേണ്ടതാണ്.
6. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന ക്വട്ടേഷൻ/ലേലക്കാരൻ മേൽ പറഞ്ഞ പ്രകാരം ക്വട്ടേഷൻ തുകയുടെ പകുതി തുക ഉടൻ ഒടുക്കുന്നതിന് തയ്യാറാകാതിരുന്നാൽ ടിയാൻ ഒടുക്കിയ നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതും, അടുത്ത കൂടുതൽ തുക വാഗ്ദാനം ചെയ്ത ക്വട്ടേഷൻ/ലേലക്കാരന്റെ പേരിൽ ഉടൻ തന്നെ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും. ഇപ്രകാരം കണ്ടു കെട്ടുന്ന തുകയ്ക്ക് വീഴ്ച്ച വരുത്തുന്ന ക്വട്ടേഷൻ/ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.
7. ലേലം കൊള്ളുന്ന ആൾ വാഹനത്തിന് ആവശ്യമായ രേഖകൾ സ്വന്തം ഉത്തരവാദിത്വത്തിലും, ചെലവിലും ആർ.ടി.ഒ-യിൽ നിന്നും മാറ്റിയെടുക്കേണ്ടതാണ്.

കൊല്ലം
15.10.2020

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കൊല്ലം